ശ്രീ. കെ. കെ. ബാലകൃഷ്ണൻ : നഷ്ടപ്പെട്ടുപോയ ഭൂമിയുടെ കണക്ക് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ചു. അങ്ങനെ അന്യാധീനപ്പെട്ടുപോയ ഭൂമി മുഴുവൻ ആദിവാസികൾക്ക് ഈ ഗവൺമെൻറ് തിരിച്ചുകൊടുക്കുമോ? അതിന് മറുപടി പറഞ്ഞില്ല.

ശ്രീ. പി. ജെ. ജോസഫ് : ഇപ്പോൾ പാസ്സാക്കിയിട്ടുള്ള ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ അന്യാധീനപ്പെട്ടുപോയിട്ടുള്ള മുഴുവൻ ഭൂമിയും തിരിച്ചെടുക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ : 1977-ന് മുമ്പുള്ള ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1982-മുതൽ മുൻകാല പ്രാബല്യത്തോടുകൂടി നമ്മുടെ സംസ്ഥാനത്തെ ആദിവാസികളുടെ ഭൂമി തിരിച്ചു കൊടുക്കാൻ പോകുന്നത് അനുസരിച്ചാണെങ്കിൽ ഈ രാജ്യത്തു ഭൂമി കൊടുക്കാൻ ഉണ്ടാവുകയില്ല. അതു കൊണ്ട് ഈ മുൻകാല പ്രാബല്യം 1982 എന്നുള്ളത് കുറേക്കൂടെ പിന്നോട്ടു മാറ്റാനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : 1980 മുതൽ 1981 ഒക്ടോബർ വരെ അധികാരത്തിലിരുന്ന ഗവൺമെൻറ് ഈ നിയമം കോഡ് സ്റ്റേറ്റോജിൽ വച്ചതിനു ശേഷം ഇപ്പോൾ ചോദ്യം ചോദിക്കുന്നതിൽ ഒരു പ്രസക്തിയുമില്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : ഈ നിയമം പാസാക്കിയത് 1976-ൽ ആണ്. 1976-ൽ പാസ്സാക്കുന്നതിനുമുമ്പ് ആളുകൾക്ക് ഈ നിയമത്തിന്റെ ബുദ്ധിമുട്ടിനെക്കുറിച്ച് അറിയില്ലായിരുന്നു, എന്നാൽ ഇത് പാസ്സാക്കിയതിനുശേഷവും ബോധപൂർവം ഭൂമി കൈമാറ്റം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ 1976-ന് മുമ്പുള്ള രീതിയിൽ ഒരു മുൻകാലപ്രാബല്യത്തോടുകൂടി ഇത് നടപ്പിലാക്കാൻ ശ്രമിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : മാറിമാറി ഗവൺമെൻറുകളും വന്നിട്ടുണ്ട്. റവന്യൂ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. ഒറ്റ ഡേറ്റെങ്കിലും 'retrospective effect' കൊടുക്കാൻ വൈമനസ്യം കാണിച്ചതാണ് നിയമം നടപ്പാകാതിരിക്കാൻ കാരണം. നാലുകൊല്ലമെങ്കിലും 'retrospective effect' കൊടുത്തുകൊണ്ട് പ്രായോഗികമായ ഒരു സമീപനം സ്വീകരിച്ചിരിക്കുന്നുവെന്നുള്ളതാണ് വസ്തുത.

സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി പ്രകാരമുള്ള ധനസഹായം

* 334 (360) ശ്രീ. എം. കെ. കേശവൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ കെ. പി. പ്രഭാകരൻ :
,, വി. കെ. രാജൻ :
,, പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിപ്രകാരം ധനസഹായത്തിന് അർഹരാകുന്നവർക്ക് നൽകുന്ന വായ്പ മൂന്നു സ്ലാബുകളിലായി തിരിച്ച് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഉണ്ട്.

(ബി) 1986-87 സാമ്പത്തിക വർഷം മുതൽ വ്യവസായ സംരംഭങ്ങൾക്ക് 35,000 രൂപയും സർവ്വീസ് പദ്ധതികൾക്ക് 25,000 രൂപയും ബിസിനസ് സംരംഭങ്ങൾക്ക് 15,000 രൂപയും ആയി നിജപ്പെടുത്തിയിരിക്കുന്നു.

ശ്രീ. എം. കെ. കേശവൻ : ഇവിടെ ചോദിച്ച ചോദ്യത്തിന് അല്ല ഉത്തരം പറഞ്ഞിരിക്കുന്നത്. സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹരാകുന്നവർക്ക് നൽകുന്ന വായ്പ മൂന്നു തവണകളായി കൊടുക്കാൻ നിശ്ചയിച്ചിട്ടുണ്ടോയെന്നാണ് ?

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് തവണകളെന്നാണ് അത് ശരിയല്ല. സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതി പ്രകാരം ധനസഹായം നൽകുന്നവർക്ക് മൂന്നു സ്ലാബുകളിലായി തിരിച്ചു നൽകുന്നുണ്ടോയെന്നാണ്. ഗവൺമെന്റു പറഞ്ഞത് മൂന്നു ഘട്ടങ്ങളായി ഇത് മൂന്നു വിധത്തിൽ കൊടുക്കുന്നുവന്നുള്ള അർത്ഥത്തിലാണ്. അല്ലാതെ തവണകളായി കൊടുക്കുന്നതിനെക്കുറിച്ചല്ല ചോദ്യം. 'സ്ലാബുകൾ' എന്നാണ് ചോദ്യം. തവണകൾ ആണെങ്കിൽ ഇൻസ്റ്റാൾമെന്റ് എന്ന അർത്ഥത്തിലാണ് വരുന്നത്. സ്ലാബുകളായി തിരിച്ച് എന്തിനെല്ലാം കൊടുക്കുന്നുവെന്നുള്ളതാണ് ചോദ്യം. അതുകൊണ്ട് ചോദ്യവും ശരിയാണ് ഉത്തരവും ശരിയാണ്.

ശ്രീ. എം. കെ. കേശവൻ : ഇങ്ങനെ കൊടുക്കുന്ന ഈ പണം സ്വയം തൊഴിൽ കണ്ടെത്താൻവേണ്ടിയുള്ള കാര്യങ്ങൾക്കുവേണ്ടി പോകുന്നുണ്ടോയെന്ന് ഏതെങ്കിലും പരിശോധന ഡിപ്പാർട്ടുമെന്റ് നടത്താറുണ്ടോ അങ്ങനെയുണ്ടെങ്കിൽ അതിനെ സംബന്ധിച്ചുള്ള വിവരം വെളിപ്പെടുത്താമോ ?

ശ്രീ. ഇ. അഹമ്മദ് : അതിന്റെ ഉത്തരവാദിത്വം അതാത് ജില്ലാ കളക്ടർമാർക്കാണ് കൊടുത്തിട്ടുള്ളത്. അതിൽ ഏതെങ്കിലും വീഴ്ച വരുമ്പോൾ പണം തിരിച്ചു പിടിക്കാനുള്ള നടപടികൾ എടുത്തു വരാറുണ്ട്.

ശ്രീ. എം. കെ. കേശവൻ : സ്വയം തൊഴിൽ കണ്ടെത്താൻവേണ്ടി മുടക്കുന്ന പണം വാങ്ങി സാമ്പത്തിക സൗകര്യമുള്ള ആളുകൾ മറ്റു ചില കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നുവെന്നുള്ള പരാതികൾ ജില്ലാ കളക്ടറുടെ മുമ്പിൽ പോലും ഇപ്പോൾ നിലവിലുണ്ട്. അത്തരം കാര്യങ്ങൾ പരിശോധിച്ച് ആ പണം ഇതിനുവേണ്ടി ഉപയോഗിക്കുന്നില്ലെങ്കിൽ നടപടിയെടുക്കാൻ തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : സാമ്പത്തികസൗകര്യമുള്ളവർക്ക് ഇതിന്റെ ആനുകൂല്യം കിട്ടുകയില്ല. പതിനായിരം രൂപവരെ വാർഷിക വരുമാനം ഉള്ളവർക്കു മാത്രമേ ഇതിന്റെ ആനുകൂല്യം കിട്ടുകയുള്ളൂ. ഇത് ദുരുപയോഗപ്പെടുത്തുന്നതായി ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അപ്പോഴപ്പോൾ നടപടികൾ എടുത്തിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അനുവദിക്കപ്പെടുന്ന തുക കൊണ്ട് ആ വ്യവസായം നടത്താൻ നിർവ്വാഹമില്ലാത്ത പരിതഃസ്ഥിതിയുണ്ട്. അവർക്കാവശ്യമുള്ള എസ്റ്റിമേറ് അനുസരിച്ച് ഉള്ള മുഴുവൻ തുകയും സർക്കാരിൽനിന്ന് അല്ലെങ്കിൽ ബാങ്കിൽനിന്നും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഇത് ഒരു സ്കീമിന്റെ അടിസ്ഥാനത്തിൽ ഉള്ളതാണ്. അർഹരായ ആളുകൾ അവർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്താണെന്നുള്ളതിനെ സംബന്ധിച്ച് ഒരു ഡീറെയിൽസ് കൂടി കൊടുക്കുകയും ആ ഡീറെയിൽസ് ടാസ്ക് ഫോഴ്സ് പരിശോധിക്കുകയും ചെയ്തതിനുശേഷമാണ് രൂപ അനുവദിക്കുന്നത്. അല്ലാതെ ആവശ്യമുള്ള തുക ഗവൺമെന്റിൽ നിന്നു കൊടുക്കുകയെന്നുവച്ചാൽ അത് അപ്രായോഗികമാണ്. അത് സാദ്ധ്യമല്ല.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : വെറുമൊരു പ്രചരണത്തിനുവേണ്ടിയുള്ളതാണ് ഈ സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടി. ഇതിന്റെ അപേക്ഷകരിൽ അധികവും സ്വന്തമായി വരുമാനമില്ലാത്തവരോ സ്വന്തമായി ഭൂമിപോലുമില്ലാത്തവരോ ആണ്. ഇങ്ങനെയുള്ളവർക്ക് മുഴുവൻ തുകയും കൊടുക്കാതെ ബിസിനസ് നടത്താൻ സാധിക്കുകയില്ല. വല വാങ്ങാനാണെങ്കിൽ പകുതി കാശുകൊടുത്താൽ എങ്ങനെയാണ് വല വാങ്ങുക? വള്ളം വാങ്ങുന്നതിന് പകുതി കാശു കൊടുത്താൽ വള്ളം കിട്ടുമോ ? ഇങ്ങനെയുള്ളവരെ സഹായിക്കുന്നതിന് മുഴുവൻ കാശും കൊടുക്കാൻ തയ്യാറായില്ലെങ്കിൽ ഈ പരിപാടി കൊണ്ട് പ്രയോജനപ്പെടുന്നത് സാമ്പത്തിക ശേഷിയുള്ളവർക്കായിരിക്കും. പാവപ്പെട്ടവനായിരിക്കുകയില്ല. ഇതു മനസ്സിലാക്കിക്കൊണ്ട് അവർക്ക് ആവശ്യമായ മുഴുവൻ തുക നൽകുവാനും പലിശ കുറച്ചു കൊടുക്കുവാനും നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ മെമ്പറുടെ അഭിപ്രായം പറഞ്ഞുവെന്നേയുള്ളൂ. ഈ സ്ഥിതി അനുസരിച്ച് 25,000 രൂപ പോരെന്ന് സംസ്ഥാന ഗവൺമെന്റ് വളരെയധികം പ്രാവശ്യം നിവേദനം നടത്തുകയുണ്ടായിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് 25,000 രൂപയെന്നുള്ളത് 35,000 രൂപയാക്കി മാറിയത്. സർവ്വീസസ് 25,000-ൽ നിർത്തി സ്വയം തൊഴിൽ കണ്ടെത്തുന്ന ആൾ ഒരു ബിസിനസ് തുടങ്ങുകയാണെങ്കിൽ അതിന് 35,000, 25,000 വേണ്ട 15,000 മതി എന്നു പറഞ്ഞതുതന്നെ ഈ ചെറിയ തൊഴിൽ പദ്ധതികൾക്ക് ആവശ്യമായ പ്രായോഗികമായ പരിപാടിയെന്ന അടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെയാണെങ്കിൽ ഇത് തികച്ചും അൺ ലിമിറഡ് ആയിരിക്കുകയും ചെയ്യും.

ശ്രീ.കെ. പി. പ്രഭാകരൻ : ഒരു വർഷത്തിൽ 13,000 പേർക്കാണ് ഇങ്ങനെ കൊടുക്കുന്നതെന്നാണ് ഒരിക്കൽ പ്രസ്താവിച്ചു കണ്ടത്. ഇപ്പോൾ തന്നെ ഓരോ ജില്ലയിലും വളരെയധികം അപേക്ഷകരുണ്ട്. ഒരു ജില്ലയ്ക്ക് നിശ്ചയിച്ചതിലധികം അപേക്ഷകരുണ്ടെന്നാൽ അവരെ സെലക്ട് ചെയ്യുന്നതിനുള്ള മാനദണ്ഡം എന്താണ് ? അവരെ സെലക്ട് ചെയ്യുന്നത് കളക്ടർ മാത്രമാണോ ? അതോ അവരെ സെലക്ട് ചെയ്യുന്നതിന് പ്രത്യേക കമ്മറ്റികളുണ്ടോ ? ഐ. ആർ. ഡി. പി. പോലുള്ള ചില സ്കീമുകൾക്ക് അങ്ങനെ സെലക്ട് ചെയ്യുന്നതിന് ചില മാനദണ്ഡങ്ങളൊക്കെയുണ്ട്. അതുപോലെ ഇവിടെ കൂടുതൽ അപേക്ഷകർ വന്നാൽ സെലക്ട് ചെയ്യുന്നത് ഏതു മാനദണ്ഡമനുസരിച്ചാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : ഇത് സെലക്ട് ചെയ്യുന്നത് ഒരു ടാസ്ക് ഫോഴ്സ് ആണ്. ഈ ടാസ്ക് ഫോഴ്സിലുള്ളത് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെൻറിന്റെ ജനറൽ മാനേജരും ക്രെഡിറ്റ് മാനേജരും, ലീഡ് ബാങ്കിന്റെ റെപ്രസെന്റേറ്റീവ് എസ്. ഐ. എസ്. ഐ. ഇൻസ്റ്റിറ്റ്യൂട്ടിന്റെ റെപ്രസെന്റേറ്റീവ്, ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് ഓഫീസർ ഡിസ്ട്രിക്ട് റൂറൽ ഡെവലപ്പ്മെന്റ് ഏജൻസിയുടെ റെപ്രസെന്റേറ്റീവ് എന്നിവരാണ്. ജില്ലാകളക്ടർ ഇതിനെ സംബന്ധിച്ചുള്ള പ്രവർത്തനം റിവ്യൂ ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കൂടുതൽ അപേക്ഷകർ ഇതിനുണ്ടെന്നുള്ളത് ശരിയാണ്. അതിൽ ഏറ്റവും അർഹമായ അപേക്ഷകർ മാത്രം ഇതിൽ ഉൾപ്പെടുകയും മറ്റുള്ളവർക്ക് അടുത്ത കൊല്ലം ലഭ്യമാക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുകയുമാണ് പതിവ്. അതായത് ഒരു കൊല്ലം 13,000 കൊടുത്തു കഴിഞ്ഞാൽ അധികം വരുന്നത് അടുത്ത കൊല്ലമെങ്കിലും കൊടുത്തു അവരെയുംകൂടി ഉൾപ്പെടുത്തണമെന്നുള്ള നിലയ്ക്ക് ഒരു തുടർച്ചയായ പദ്ധതിയായിട്ടാണ് സംസ്ഥാന ഗവൺമെന്റ് ഇതിന്റെ പ്രവർത്തനത്തെ ക്രമീകരിച്ചിട്ടുള്ളത്. ഇത് ഇന്ത്യാഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് പതിനെട്ടിനും മുപ്പത്തഞ്ചിനുമിടയിൽ പ്രായമായ എസ്.എസ്.എൽ.സി പാസായവർ ആയിരിക്കണമെന്നാണ്. പതിനായിരം രൂപയിൽ അധികരിക്കാത്ത വരുമാനമുള്ളവർ ആയിരിക്കണം. ഐ. റ്റി. ഐ. പാസായവർക്ക് വ്യവസായ സംരംഭങ്ങൾക്കും സർവ്വീസ് സംരംഭങ്ങൾക്കും പ്രാമുഖ്യം കൊടുക്കും. സ്ത്രീകൾക്കും ഇതുപോലെ മുൻഗണന കൊടുക്കണം. ഈ വർഷം മുതൽ ഗുണഭോക്താക്കളിൽ 30 ശതമാനം പേർ പട്ടികജാതി-പട്ടിക വർഗ്ഗക്കാരായിരിക്കണം എന്നുകൂടി ഇന്ത്യാ ഗവൺമെന്റു നിഷ്കർഷിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : മുമ്പ് സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയനുസരിച്ച് ചെറുകിട വ്യവസായങ്ങൾക്കുവേണ്ടി വായ്പ വാങ്ങിയിട്ടുള്ള ആളുകൾക്ക് ഇന്നും ഇലക്ട്രിസിറ്റി ബോർഡിൽ കോൺട്രിബ്യൂഷൻ അടയ്ക്കാൻ കഴിയാത്തതിന്റെ ഫലമായിട്ട് കണക്ഷൻ കിട്ടാതെ പ്രവർത്തനം നടത്താൻ കഴിയുന്നില്ല. അതുകൊണ്ട് അവരെ ആ വ്യവസ്ഥയിൽനിന്ന് ഒഴിവാക്കിത്തരണമെന്ന് കൃഷി-വ്യവസായ ഉപദേശക സമിതി റെസല്യൂഷൻ മുഖേന ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. ആ പ്രയാസങ്ങളിൽനിന്ന് ഒഴിവാക്കി കൊടുക്കുവാൻ ഗവൺമെന്റ് ഇലക്ട്രിസിറ്റി ബോർഡുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : മുമ്പ് ഇരുപത്തയ്യായിരം രൂപയായിരുന്നു കൊടുത്തിരുന്നത്. ഇപ്പോൾ മുപ്പത്തയ്യായിരം രൂപ ചെലവഴിച്ച് ഒരു വ്യവസായം തുടങ്ങുകയാണ്. ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കുവാൻ അയ്യായിരം രൂപവരെ ചെലവു വരികയാണെങ്കിൽ ഇലക്ട്രിസിറ്റി ബോർഡുതന്നെ വഹിക്കണം. അതിലധികമായി വരികയാണെങ്കിൽ മറ്റുപാധികൾ നടപ്പിലാക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇത്തരം ധാരാളം പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുമ്പും ഈ പ്രശ്നമുണ്ടായിരുന്നു. ജില്ലാലെവലിൽ താഴെ ഇൻഡസ്ട്രീസ് സെൻറിലെ ജനറൽ മാനേജരും കെ. എസ്. ഇ. ബി. യുമായി ഡിസ്കസ് ചെയ്ത് അപ്പപ്പോൾ പരിഹരിക്കുന്നതാണ്, അവിടെ പരിഹരിക്കുവാൻ കഴിയാതെ വരുന്നത്, സംസ്ഥാന ലെവലിൽ ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസും ഇവിടത്തെ ഇലക്ട്രിസിറ്റി ബോർഡുമായി ഡിസ്കസ് ചെയ്ത് പരിഹരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ : സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയുടെ ഭാഗമായിട്ട് കോഴിക്കോട് പട്ടണത്തിൽ ഉന്നത ബിരുദധാരികളായ കുറേപേർ ചേർന്ന് ഒരു ഹോട്ടൽ നടത്തുന്നുണ്ട്. കാബറേ നൃത്തം നടത്തുന്ന ഒരു ഹോട്ടലാണത്. സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയനുസരിച്ച് നടത്തുന്നുവെന്ന് ബോർഡ് വച്ചു നടത്തുന്ന ആ ഹോട്ടലിന് നിങ്ങൾ സഹായം നൽകിയിട്ടുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ഇതൊരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ മറുപടി പറയാം..

ശ്രീ. വി. കെ. രാജൻ : നമ്മുടെ മന്ത്രിമാരിൽ ശ്രീ. അഹമ്മദ് ഉൾപ്പെടെയുള്ളവർ മദ്രാസിൽ പോകുന്നവരാണല്ലോ. എന്തിനാണ് പോകുന്നതെന്ന് അറിയില്ല. മന്ത്രിമാരുടെ മക്കളും ഇപ്പോൾ സിനിമാ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അങ്ങനെ സിനിമാ വ്യവസായ രംഗത്ത് ഏർപ്പെട്ടിരിക്കുന്ന യൂത്ത് കോൺഗ്രസ് എം.എൽ.എ.-മാരുൾപ്പെടെയുള്ള ആളുകൾക്ക് സിനിമാ വ്യവസായരംഗത്ത് സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിപ്രകാരം ഒറ്റയ്ക്കോ കൂട്ടായോ ആർക്കെങ്കിലും സംഖ്യ കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കൊടുത്തിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിലുള്ള ഉസ് സൂചനയെ നിഷേധിച്ചു കൊണ്ടുതന്നെ പറയുകയാണ്. അങ്ങനെ കൊടുത്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. കുമാരൻ : സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയനുസരിച്ച് പണം കൊടുക്കുന്നവർക്ക് ഇലക്ട്രിസിറ്റി സാധനങ്ങളൊക്കെ വാങ്ങിയിട്ട് ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാതെവന്ന ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : പതിമൂന്നായിരം പേർക്കാണ് ഇങ്ങനെ പണം കൊടുക്കുന്നത്. പല ജില്ലയിലും പല പ്രദേശങ്ങളിലും ഇതുപോലുള്ള ചില പരാതികൾ ലഭിക്കാറുണ്ട്. പരാതികൾ ലഭിക്കുമ്പോൾ ജില്ലാ ലെവലിൽ തന്നെ അന്വേഷണം നടത്തുകയാണ് ചെയ്യുന്നത്. ഡിസ്ട്രിക്ട് കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് ഇതിന്റെ പ്രവർത്തനം നിർവ്വഹിക്കുന്നത്.

ശ്രീ. പി. കുമാരൻ : ഇതുവരെ സ്വയം തൊഴിൽ കണ്ടെത്തലിന് സഹായിച്ചവരിൽ ഹരിജനങ്ങളും ഗിരിജനങ്ങളും എത്ര ശതമാനമുണ്ടെന്ന് പറയാമോ?

ശ്രീ. ഇ. അഹമ്മദ് : ഇതുവരെ അർഹരായ ആളുകൾക്കാണ് കൊടുത്തിട്ടുള്ളത്. ശതമാനം നോക്കാറില്ല. ഇനിമുതൽ അതായത്, 1986-87 മുതൽ ഗുണഭോക്താക്കളിൽ മുപ്പതു ശതമാനത്തിൽ കുറയാതെ പട്ടികജാതി-പട്ടികവർഗ്ഗക്കാരായിരിക്കണമെന്നാണ് ഇന്ത്യാഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. അതിനുള്ള നിർദ്ദേശം സ്റ്റാഫുകൾക്ക് ഗവൺമെന്റ് നൽകിയിട്ടുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദു ബഷീർ : സ്വയം തൊഴിൽ കണ്ടെത്തലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് വൈദ്യുതി ലഭിക്കുന്ന പ്രയാസങ്ങളെക്കുറിച്ചുള്ള ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്, ഇത്തരത്തിലുള്ള പരാതികൾ ജില്ലാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിന് ചില സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നാണ്. ഇത് ജില്ലാ അടിസ്ഥാനത്തിൽ പരിഹാ

LIBRARY ARCHIVES Kerala Legislative Assembly

കേണ്ട കാര്യമല്ല. സ്വയം തൊഴിൽ കണ്ടെത്തൽ സ്കീം പ്രകാരം ലോണെടുത്ത ആളുകൾക്ക് വൈദ്യുതി കിട്ടുന്നതിന്റെ പ്രയാസങ്ങൾ എല്ലാ സ്ഥാപനങ്ങളിലും അനുഭവിക്കുകയാണ്. ഇപ്രകാരം ലോണെടുത്ത് സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന ആളുകൾക്ക് വൈദ്യുതി ലഭിക്കുന്ന കാര്യത്തിൽ ഉണ്ടാകുന്ന പ്രയാസങ്ങൾ തരണം ചെയ്യുന്നതിന് ഒരു പൊതുനയം നടപ്പിലാക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : പൊതുനയമുണ്ടാക്കിയെന്നുതന്നെയാണ് ഞാൻ പറഞ്ഞത്. ഒന്നാമതായി സ്വയം തൊഴിൽ കണ്ടെത്തലിൽ ഏർപ്പെടുന്നവർക്ക് വൈദ്യുതി പെട്ടെന്ന് ലഭിക്കുന്നതിനുള്ള സഹായം കെ.എസ്.ഇ.ബി.യിൽ നിന്നു ലഭ്യമാക്കണം. അങ്ങനെ ലഭിക്കുന്നതിന് അയ്യായിരം രൂപവരെ അധിക ചെലവു വരികയാണെങ്കിൽ കെ.എസ്.ഇ.ബി. യിൽ പോകാതെ പ്രാദേശികമായി ചെയ്യണം. കാരണം, ഇരുപത്തയ്യായിരം രൂപയുടെ പദ്ധതിയായിരുന്നു ഇത്. ഇപ്പോൾ ഇത് മുപ്പത്തയ്യായിരം രൂപയാക്കി. ഇരുപത്തയ്യായിരം രൂപയുടെ പദ്ധതിക്കുവേണ്ടി പതിനായിരമോ അയ്യായിരമോ രൂപ കണക്ഷനു വേണ്ടി കൊടുക്കുകയാണെങ്കിൽ കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൂടി കണക്കിലെടുത്തുകൊണ്ടാണ് അയ്യായിരം രൂപവരെയുള്ള കണക്ഷനുകൾ അപ്പോൾത്തന്നെ കൊടുക്കുവാൻ തീരുമാനിച്ചത്. അതിനു പ്രയാസമുണ്ടെങ്കിൽ പ്രാദേശികമായി പരിഹരിക്കാം. അവിടെയും പ്രയാസമാണെങ്കിൽ സംസ്ഥാന ഗവൺമെന്റ് ലെവലിൽ പരിഹരിക്കാം. അതുകൊണ്ട് ആകെയുള്ള ഒരു പൊതു നയവും പൊതു സമീപന രീതിയും പൊതുവായ ഒരു ഗൈഡുലൈനും കൊടുത്തിട്ടുണ്ട്. അവിടെയും പ്രയാസമുണ്ടെങ്കിൽ ജില്ലാ ലെവലിലോ സംസ്ഥാന ലെവലിലോ പരിഹരിക്കുകയാണ് പതിവ്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഇത്തരം ഹർജികൾ ഈ കമ്മിറ്റിയിൽ പ്രോസസ് ചെയ്യുന്നതിന് വളരെ അധികം കാല താമസം ഉണ്ടാകുന്നുണ്ട്. ഇത് തീരുമാനമെടുത്തതിനുശേഷം ബാങ്കുകളിൽനിന്നും ലോൺ കിട്ടുന്നതിനും സാങ്കേതികമായ കാരണങ്ങളാൽ വളരെയധികം കാലതാമസമുണ്ടാകുന്നുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഈ കാലതാമസം ഒഴിവാക്കി കിട്ടുവാൻ പല സന്ദർഭങ്ങളിലും ഈ ഹർജിക്കാർ രാഷ്ട്രീയ കക്ഷികളെ സമീപിക്കേണ്ടി വരുന്നു. അതിനാൽ രാഷ്ട്രീയകക്ഷി സമ്മർദ്ദം ഈ ഹർജികളുടെ തീരുമാനത്തിൽ വിവേചന പരമായി ഉണ്ടാകുന്നുവെന്നുള്ള നിലയിൽ വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്നുള്ള കാര്യം ഗവൺമെന്റ് മനസിലാക്കിയിട്ടുണ്ടോ? അതുപോലെ 1985-86-ൽ ഇത്തരം എത്ര ഹർജികൾ കിട്ടിയിട്ടുണ്ട്; എത്രപേർക്ക് കൊടുത്തിട്ടുണ്ട്.

ശ്രീ. ഇ. അഹമ്മദ് : ഗവൺമെന്റിന്റെ ശ്രദ്ധയിൽ പലപ്പോഴും പെട്ട കാര്യങ്ങൾ തന്നെയാണ് അദ്ദേഹം പറഞ്ഞത്. ഇത്തരം അപേക്ഷകർ 1983-84-ൽ 67,261 പേരും 1984-85-ൽ 53,278 പേരും 1985-86-ൽ 48,145 പേരുമുണ്ടായിരുന്നു. അതായത് കഴിഞ്ഞ മൂന്നു കൊല്ലങ്ങളിലായി സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതികൾക്കായി മൊത്തം 1,68,684 അപേക്ഷകരുണ്ടായിരുന്നു. അതിൽ ഒരു കൊല്ലം പതിമൂവായിരം പേരെയാണ് സെലക്ട് ചെയ്യുന്നത്. സ്വാഭാവികമായും അതിന് ഡിലേ ഉണ്ടെന്നുള്ളത് ശരിയാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ആകാവുന്ന ശ്രമിച്ചിട്ടുണ്ട്. ലീഡ് ബാങ്കും ക്രെഡിറ്റ് മാനേജരുമുള്ളതുകൊണ്ടും പ്രസ്തുത ബാങ്കുകൾക്ക്-റിസർവ്വ് ബാങ്കിന്റെ കർശനമായ നിർദ്ദേശമുള്ളതുകൊണ്ടും ആ ബാങ്കുകൾക്കുകൂടി തൃപ്തികരമായതും സ്വീകാര്യ യോഗ്യമായതുമായ പദ്ധതികൾ മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. കഴിയുന്ത്ര സമ്മർദ്ദ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും അനാവശ്യമായ സ്വാധീനങ്ങളും ഒഴിവാക്കുവാനുള്ള നടപടികളും ഇക്കാര്യത്തിൽ എടുത്തിട്ടുണ്ട്. ഇനി എപ്പോഴെങ്കിലും ഇതിനെ സംബന്ധിച്ച് പരാതി കിട്ടുമ്പോൾ ഗവൺമെന്റ് പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിപ്രകാരം പതിമൂന്നായിരം പേർക്ക് വായ്പ കൊടുത്തിട്ടുണ്ട് എന്നു പറഞ്ഞു. അങ്ങനെ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് എത്രപേർക്ക് വായ്പ കൊടുത്തിട്ടുണ്ടെന്നും കൊടുത്ത വ്യവസായ യൂണിറ്റുകൾ എത്രയെണ്ണം നിലനിൽക്കുന്നുവെന്നും പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ ?

ശ്രീ. ഇ. അഹമ്മദ് : ഗവൺമെന്റിന്റെ ഗൈഡ്‌ലൈൻസ് അനുസരിച്ച് അൻപതു ശതമാനത്തിലധികം ഈ പദ്ധതിയിൽ വ്യവസായ യൂണിറ്റുകളാക്കാൻ പാടില്ലെന്നാണ്. ഇപ്പോഴും അൻപതു ശതമാനം വ്യവസായ യൂണിറ്റുകളെ ആകാൻ പാടുള്ളൂ. ബാക്കി ഇപ്പോൾ ബിസിനസ് വെഞ്ചറും മറ്റും മുപ്പതു ശതമാനമേ വരികയുള്ളൂ. കൊടുത്തതിൽ അൻപതു ശതമാനത്തിലധികവും വ്യവസായ സംരംഭകർക്കാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർവ്വീസ്, ബിസിനസ്, ഇൻഡസ്ട്രി എന്നീ മൂന്നു സെക്ടറുകളിൽ നമ്മുടെ നാട്ടിൽ വൈദ്യുതിയിലും റാമെറ്റീരിയലിന്റെ കാര്യത്തിലും മറ്റുപല കാര്യങ്ങളിലും പ്രശ്നങ്ങളുണ്ട്. അതിന്റെ ഫലമായി നമുക്ക് അനുവദിക്കുന്ന പതിമൂന്നായിരത്തിൽ പകുതിയും ലാപ്സായി പോകാൻ ഇടയുണ്ട്. അതുകൊണ്ട് ഈ സംസ്ഥാനത്ത് ബാക്കി വരുന്ന പണം ബിസിനസിനും സർവ്വീസിനും ഉപയോഗിക്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക അനുവാദത്തിനുവേണ്ടിയുള്ള നീക്കം നടത്തുമോ.

ശ്രീ. ഇ. അഹമ്മദ് : ഇത് പരിഗണനാർഹമായ ചോദ്യമാണ്. ഇതിനെ കുറിച്ച് പരിശോധിക്കുന്നതാണ്.

പുതിയ സബ് രജിസ്ട്രാർ ആഫീസുകൾ

* 335 [361] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി :
,, പി. പി. തങ്കച്ചൻ :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, കെ. രാഘവൻ മാസ്റ്റർ :
,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ സബ് രജിസ്ട്രാർ ആഫീസുകൾ സ്ഥാപിക്കുന്നതിന്റെ മനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പുതുതായി എത്ര സബ് രജിസ്ട്രാർ ആഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ; അവ ഏവിടെയെല്ലാം ;

(സി) ഇതു സംബന്ധിച്ച നടപടികൾ പൂർത്തിയായിട്ടുണ്ടോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) പതിക്കുന്ന ആധാരങ്ങളുടെ എണ്ണം, പൊതുജനങ്ങളുടെ സഞ്ചാര സൗകര്യം, കെട്ടിടം, ഫർണിച്ചർ തുടങ്ങിയവ സൗജന്യമായി കിട്ടാനുള്ള സാദ്ധ്യത ഇവയാണ് പ്രധാനമായി കണക്കിലെടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly